## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2474 — 19.12.2012-ലെ മറുപടിക്ക്

### ഭക്ഷ്യസുരക്ഷാ ഗുണ നിലവാര റഗുലേഷൻ 2011 പ്രകാരം നിബന്ധനകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ.റ്റി.വി. രാജേഷ്<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ ഗുണനില വാര റഗുലേഷൻ 2011 പ്രകാരം നിബന്ധനകൾ ഭക്ഷണ ശാലകൾ നടത്തുന്നവർ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ; | എ) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര റഗുലേഷൻ 2011 പ്രകാരം നിബന്ധനകൾ ഭക്ഷണശാലകൾ നടത്തുന്ന എല്ലാവരും പാലിക്കുന്നതായി കരുതുന്നില്ല |
| ബി) | ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ വിലയിരുത്തലുകൾ വെളിപ്പെടുത്തുമോ; | ബി) | ഭക്ഷ്യസുരക്ഷാ ഓഫീസർമാർ സംസ്ഥാനത്തെ ഹോട്ടലുകൾ പരിശോധിച്ചതിൽ മിക്കവാറും എല്ലാ സ്ഥാപനങ്ങളും ഏതെങ്കിലും നിബന്ധനകൾ ലംഘിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. സമയബന്ധിതമായി എല്ലാ സ്ഥാപനങ്ങളെയും നിയമത്തിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. ഇതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഒരു 30 ഇന ശുചിത്വ മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പരിശോധന കർശനമാക്കുകയും ഗുരുതരമായ വീഴ്ച കാണുന്ന സ്ഥാപനങ്ങൾ അടച്ചിടാൻ ഉത്തരവിടുകയും, കോമ്പൗണ്ടിംഗ് നടപടി സ്വീകരിച്ചും നോട്ടീസ് ഉൾപ്പെടെയുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| സി) | നിബന്ധനകൾ പാലിക്കാത്ത എത്ര ഹോട്ടലുകൾ/കാന്റീനുകൾ/മറ്റ് ഭക്ഷണ ശാലകൾ അടച്ചു പൂട്ടുകയുണ്ടായി; എത്ര സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തുകയുണ്ടായി; എത്ര കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു; | സി) | 73 ഹോട്ടലുകൾ/കാന്റീനുകൾ/മറ്റ് ഭക്ഷണ ശാലകൾ താല്ക്കാലികമായി അടച്ചു പൂട്ടുക യുണ്ടായി. 62 സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തുകയുണ്ടായി. നിബന്ധനകൾ പാലിക്കാത്ത തിന്റെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ഹോട്ടലുകൾ/കാന്റീനുകൾ/മറ്റ് ഭക്ഷണ ശാലകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ എത്ര പേർ നിയമാനുസൃതമുള്ള ലൈസൻസും രജിസ്ട്രേഷനും എടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ഹോട്ടലുകൾ/കാന്റീനുകൾ/മറ്റ് ഭക്ഷണ ശാലകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന കൃത്യമായ കണക്ക് ലഭ്യമല്ല.

2012 നവംബർ മാസം വരെ താഴെ പറയുന്ന എണ്ണം ലൈസൻസും രജിസ്ട്രേഷനും ഓരോ ജില്ലയിലും .കൊടുത്തിട്ടുണ്ട്.

| District | License | Registration |
|---|---|---|
| Thiruvananthapuram | 2433 | 4039 |
| Kollam | 1750 | 3593 |
| Pathanamthitta | 702 | 2489 |
| Alappuzha | 1191 | 6488 |
| Kottayam | 911 | 5547 |
| Idukki | 510 | 2728 |
| Ernakulam | 3771 | 12029 |
| Thrissur | 1442 | 7658 |
| Malappuram | 821 | 5519 |
| Palakkad | 1239 | 5561 |
| Kozhikode | 1319 | 7880 |
| Wayanad | 450 | 4988 |
| Kannur | 1112 | 7155 |
| Kasaragod | 501 | 3471 |
| **Total** | **18152** | **79145** |

സെക്ഷൻ ഓഫീസർ